
CHMKS GHSS MATTOOL
C.H.M.K.S G.H.S.S
MATTOOL
little KITEs
ഇതളുകൾ
DIGITAL MAGAZINE

# സി എച് എം കെ എസ് ജി എച് എസ് എസ് മാട്ടൂൽ



**റവന്യ ജില്ല**

**കണ്ണൂർ**

**വിദ്യാഭ്യാസ ജില്ല**

**തളിപ്പറമ്പ്**

**ഉപ ജില്ല**

**മാടായി**

**പ്രധാനാദ്ധ്യാപകൻ**

**മുഹമ്മദ് ബഷീർ പി കെ**

**പി ടി എ പ്രസിഡൻറ്**

**അഷറഫ് യു എ**

**എം പി ടി എ പ്രസിഡൻറ്**

**റെയ്ഹാനത്ത്**

# ആശംസ



സി .എച്ച് .മുഹമ്മദ് കോയ സ്മാരക ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ മാട്ടൂലിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നതായി അറിഞ്ഞു .വിദ്യാർഥികളുടെ ഡിജിറ്റൽ എഴുത്തിനെ പ്രോൽസാഹിപ്പിക്കുന്നതിന് ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് നടത്തുന്ന ഈ പ്രവർത്തനത്തിന് എന്റെ എല്ലാവിധ ആശംസകളും നേരുന്നു .

Manoharan Master
Principal-in-Charge

# ആശംസ



സി .എച്ച് മുഹമ്മദ് കോയ സ്മാരക ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ മാട്ടൂലിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ,വിദ്യാരംഗം കലാസാഹിത്യവേദി ,മറ്റു ക്ലബ്ബുകൾ ഇവയൊക്കെ ചേർന്ന് വിദ്യാർഥികളുടെ സൃഷ്ടികൾ ഡിജിറ്റലൈസ് ചെയ്ത രൂപപ്പെടുത്തുന്ന 'ഇതളുകൾ 'എന്ന ഡിജിറ്റൽ മാഗസിന്റെ അണിയറയിൽ പ്രവർത്തിച്ച എല്ലാ കുട്ടികൾക്കും അവരെ നയിച്ച അദ്ധ്യാപകർക്കും ആശംസകൾ നേരുന്നു .

മുഹമ്മദ് ബഷീർ പി കെ
ഹെഡ് മാസ്റ്റർ

# ആശംസ



സി .എച്ച് . മുഹമ്മദ് കോയ സ്മാരക ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ മാട്ടൂലിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു .

ASHRAF U A

പി ടി എ പ്രസിഡന്റ്

# ആശംസ



സി എച്ച മുഹമ്മദ് കോയ സ്മാരക ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ മാട്ടൂലിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ അംഗങ്ങൾ 'ഇതളുകൾ 'എന്ന ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയതിൽ ,മൊത്തം സ്റ്റാഫിന്റെ പേരിൽ സ്റ്റാഫ് സെക്രട്ടറി എന്ന നിലയിൽ ഞാൻ ആശംസകൾ അർപ്പിക്കുന്നു .കുട്ടികളുടെ സർഗാത്മക കഴിവുകൾ വളർത്താൻ ഇത്തരം പ്രവർത്തനങ്ങൾ വളരെ പ്രാധാന്യം അർഹിക്കുന്നു .ഇതിന്റെ പിന്നിൽ പ്രവർത്തിച്ചവരുടെ കഠിനപ്രയത്നത്തെയും അർപ്പണമനോഭാവത്തെയും പ്രശംസിക്കുന്നു . തുടർന്നും ഇതിലും മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ച വെക്കാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു .

Jasmine M

സ്റ്റാഫ് സെക്രട്ടറി





ഇന്ത്യയിലെ കുട്ടികളുടെ ഏറ്റവും വലിയ ഐടി കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്.. ഗ്രാഫിക്ക് ഡിസൈനിങ് ,ആനിമേഷൻ പ്രോഗ്രാമിങ്, മലയാളം ടൈപ്പിംഗ് ,ഡെസ്ക്ടോപ്പ് പബ്ലിഷിംഗ് റോബോട്ടിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ മേഖലകളിൽ ലിറ്റിൽ കൈറ്റ്സിലെ കുട്ടികൾക്ക് പരിശീലനം നൽകുന്നുണ്ട് .

വിജ്ഞാനം വിരൽത്തുമ്പിൽ എത്തിനിൽക്കുന്ന ഈ കാലത്ത് വായന എന്നത് ഏറെക്കുറെ ഡിജിറ്റലായി മാറിക്കഴിഞ്ഞു. ഡെസ്ക്ടോപ്പ് പബ്ലിഷിംഗ് എന്ന മോഡ്യൂളിലൂടെ പഠിച്ച കാര്യങ്ങൾ ഉപയോഗപ്പെടുത്തി സ്കൂളിലെ 8 മുതൽ 10 വരെയുള്ള ക്ലാസിലെ കുട്ടികളുടെ രചനകൾ 'ഇതളുകൾ' എന്ന ഡിജിറ്റൽ മാഗസിൻറെ രൂപത്തിൽ പുറത്തിറക്കാൻ ആണ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ശ്രമിച്ചത്. സമയപരിധിക്കുള്ളിൽ നിന്നുകൊണ്ട് തയ്യാറാക്കിയ ഈ മാഗസിൻ ഞങ്ങൾ നിങ്ങൾക്ക് മുന്നിൽ സമർപ്പിക്കുന്നു. വരൂ..... ഡിജിറ്റൽ വായനയുടെയും വിജ്ഞാനത്തിന്റെയും നൂതന ലോകത്തിൽ നമുക്ക് ഒരുമിച്ച് പറക്കാം.

ചാരിതാർത്ഥ്യത്തോടെ
കൈറ്റ് മിസ്ട്രസ്സസ്
കവിത ടി വി & ഷെർളി വി എസ്

# EDITORIAL BOARD

## STUDENT EDITOR



SUFYAN ABDUL SALAM

## SUB EDITOR



MAZIN

## MEMBERS



SHIFA



SAHIRA A C



RISHANA S



MUHAMMED C P



MINHA



SHAHANA



FIDHA AMINA



FATHIMA



FATHIMATH SANA

## ADVISERS



SAMEERA E P



KAVITHA T V



SHERLY V S

LK CAMP 2024-26 BATCH




L K CAMP 2023-26 Batch 16-10-2024




2022-25 BATCH


ROBOTICS EXPO 2025 FEBRUARY 21
ROBOFEST
2025
AUTOMATIC STREET LIGHT
ELECTRONIC DICE
AUTOMATIC DUST BIN
TOLL POST
DANCING LED
ROBO HEN
AUTOMATIC TRAFIC SIGNAL



ഇതളുകൾ' നാളെയുടെ പ്രതീക്ഷകളാണ്. അനുദിനം പുരോഗമിച്ചുകൊണ്ടിരിക്കുന്ന സാങ്കേതികതയുടെ പുതിയ ലോകം . അറിവിന്റെ ലോകത്തിലേക്കുള്ള പുതിയ ചുവട് വയ്പ് ആണ്. 2024 – 25 അധ്യായന വർഷത്തെ സി. എച്ച്. എം. കെ. എസ്. ജി. എച്ച്.എസ്.എസ് .മാട്ടൂലിലെ അംഗങ്ങളുടെ കൂട്ടായ്മയിൽ വിടർന്ന 'ഇതളുകൾ ' എന്ന ഡിജിറ്റൽ മാഗസിൻ ആദരണീയരായ അധ്യാപകരുടെയും പ്രിയപ്പെട്ട കൂട്ടുകാരുടെയും സഹായ സഹകരണങ്ങളോടെ നിങ്ങളുടെ മുന്നിലേക്ക് എത്തുകയാണ്.ഈ ഡിജിറ്റൽ മാഗസിൻ നിങ്ങളുടെ കൈകളിലേക്ക് ഏറെ പ്രതീക്ഷയോടെയും കരുതലോടെയും സമർപ്പിക്കട്ടെ......



SUFYAN ABDUL SALAM

MAGAZINE EDITOR

# TABLE OF CONTENTS

1. മഴയ്ക്കൊപ്പം ഇരമ്പിയെത്തിയ ഓർമ്മകൾ 15
2. പ്രതീക്ഷ 18
3. മാനവികത 19
4. ഒരു മഴയുടെ ഓർമ്മ 21
5. Social Media Addiction in Children 22
6. The Wolf and the Lamb 23
7. പിച്ചക്കാരൻ 24
8. രുദ്രാക്ഷി 26
9. കൂട്ട് 27
10. നിഴൽ 28
11. Still Iam Here 29
12. വീട്ടുവൈദ്യം 31



ധാണിഢേലഭ ഘ്വൃഗ് ഢധപഢ ഠാഴത്തിഗോത്യ·
ഗദ്വ്യധ്യതിലഭതിം പ്വഢഗ്വ്യലഴ്തിം ഢഠിഭഢേഖ്യ്ബോഝ് ഠിഢ

പാഢേ്യ ഖേഗ് ഖേഗ് ധഭധ ധൃഢേ്യ·
പഗീലഘാഭ്തി· ധധ്യോഘധ്യോാലഭ ഢഠി ഘലധ്യ ലഗാത്യ
ലഘാഭ്ധതഗ് ലഗാത്യഗൗപ് ഢഠി ഘലധ്ഠി ലലഘഘ്യ്ബോ
ഠഢ ലലഘഘലധ്യ ഠിലഭാത്യഢധ· ഖലഠാധം ഢഠിബോഗ്യ
ധ്യഝ്ഗ്ഖാതധതിം ഢധപലഭ ഢധബോധഗധലഗീഭ്ധ്യ· ഢധപഭീല
ഘലധ്യധ് ഢഠി ഘലധ്യലഴ് ധൃബഝ്ഝിഘ്യ്ധഴ ലധ്യ്ലധ ല
ധഭധപഢധ· ഗഠിഘഭേഢം ധലഴ് ധഗ്ഖാഭ്യതിലഭ ഠിാത
ഗീഢഠിാധ ലഗധാഴ ഠിദ്വതിഖാത്യ ഠഢ ഘലധ്യ ധധ ഗാഭ
ഢഠിത്യഢധ ഢധ്യ് ഘ്വൃപ്വ ഗപ്വലധ പഝീഢേഭീം ഠദ്വത പ
ഢധപഢ ഢഠി ഘാഷ് ഘലഭ്യ് ഢഠിഢലഭതിം ഘഝ്ധധത്യഘ
പ്വഢഖധ്യധാത്യ ഘധേതത്യഴ ഢധപഢ ഠിഢധ ഢധഗ്
ഢഠിധോ ഗപതിധ്യ ഘേഭീ·
ത്യത്യഴ്തി ലഗതീധലഭാത്യഢധ ഖഭ ഘാധധം പലഢ്യ ല
ഭംഢ്യതിഠിഠിധാത്യ ധോധ്യ· ലപത്യഴപേ ഢ്യേഘഴ ഗഠിധ്യ
ഗപലധ്ഠി താഠിത്യഴ ഘാലധധധ്യധഗ് ഢധപഢലഝാഢ ഠി
ഗഠിധ ഗ്വധത്യഴ ഢധപഢ ലലഠിപപോഭ ലഖലഗ് ലഗധാ
ഖധ്യഝാധ് ലഭത്യഴ· ഢഠിഖധ്യഝ് ലഗധ് ഗഠിധ് ലഗ
ഢധപഢ ഠിഗീത്യ ഭംഢ്യ ഢഠിധഠിഭ്യഝഘതാത്യഢധ ഠാപ്വ
ഗോഘാഴ ഢധപധധം ധധ ലലഭപധ്യോഭ ധഢ്യ ഗപലധ
ഠിഠിഠിഗോലബ ഘാഴധേബം ഘഖ്തി ഠിഭ്ധ്യഢധ· ഠഖഘ
ഖാധധ്യോഝ് ധോഝ്യ ധഗ് ഖഭഝോഭീലഭ· ഢഠിധോഭോ

# പ്രതീക്ഷ

ജീവിതമാകുന്ന യാത്രയിൽ എന്നെങ്കിലും രക്ഷപ്പെട്ടുമെന്ന ചിന്ത
മാറാലകൾ നിറഞ്ഞ എന്റെ മനസ്സിൽ ഉദിച്ചു വന്നു
ആരുണ്ടെന്നതിൽ ഇപ്പോൾ പ്രസക്തിയില്ല
ആരുണ്ടാകുമെന്ന പ്രതീക്ഷയിലാണ് നാം
ഇന്നല്ലെങ്കിൽ നാളെ ഈ ഒറ്റപ്പെട്ട മുറിയിൽ നിന്ന്
വെളിച്ചത്തിന്റെ ലോകത്തേക്ക് ഒരു വരവുണ്ടാകും
ഇന്നല്ലെങ്കിൽ നാളെ ഈ മാറാല നിറഞ്ഞ മനസ്സ്
പൊടിതട്ടിയെടുത്ത് ജീവിതത്തിൽ തിരിച്ച് കൊണ്ട് വരാൻ
ദൈവം അയക്കുന്ന ഒരാൾ വരുമായിരിക്കും
യാത്ര ചെയ്ത് വന്ന ഓർമ്മകളുടെ അറകളിലേക്ക്
തിരിച്ച് പോകാൻ
കഴിയുമെന്നോരു ചിന്ത
എവിടയോ കേൾക്കാം
എന്നെ ഞാനാക്കിയ
കാര്യങ്ങൾ, മനുഷ്യർ
എന്നിവരെ
ഒന്നു കൂടി



കണ്ടിരുന്നെങ്കിൽ എന്നൊരു തോന്നൽ
ഇന്നല്ലെങ്കിൽ നാളെ ഈ യാത്രയിൽ
ആരുണ്ടെന്ന ചോദ്യത്തിന് മറുപടി കിട്ടിയിരുന്നെങ്കിൽ
ഒത്തിരി ഒത്തിരി ചോദ്യങ്ങൾ മനസ്സിൽ വരുന്നു
ഉത്തരമായി എന്നെന്നേക്കും പ്രതീക്ഷകൾ മാത്രം.

റിയ റാഷിദ് ഇ ടി
10C

# മാനവികത

മാനവികത എന്നാൽ എന്താണ്? അത് വേണമെങ്കിൽ മനുഷ്യത്വം എന്ന് വിശദീകരിക്കാം. മനുഷ്യത്വം തന്നെ രണ്ട് വിധമുണ്ട്. മനുഷ്യത്വവും മനുഷ്യത്വമില്ലായ്മയും. നാം മനുഷ്യരിൽ ഇപ്പോൾ ഏറ്റവും കൂടുതൽ കണ്ടു വരുന്നത് മനുഷ്യത്വത്തിന്റെ അഭാവം തന്നെയാണ്. നാം എല്ലാവരും ഒന്നാണ് എന്ന സത്യം നമ്മൾ മറന്നു പോകുന്നു. നാം മനുഷ്യർ മൃഗങ്ങളോടും പരിസ്ഥിതിയോടും എന്തെല്ലാം ക്രൂരതകൾ കാട്ടുന്നു. അത് മനുഷ്യത്വമില്ലായ്മ തന്നെയല്ലേ ?

മനുഷ്യത്വത്തിന്റെ അഭാവം തന്നെയാണ് ഇപ്പോൾ ഈ സമൂഹത്തിൽ നടക്കുന്ന പല പ്രശ്നങ്ങൾക്കും കാരണം. മനുഷ്യർ തങ്ങളുടെ സഹോദരങ്ങളാണെന്ന വാസ്തവം നാം പലപ്പോഴും മറന്നു പോകുന്നു. അവർക്ക് വേണ്ടുന്ന കാര്യങ്ങൾ ചെയ്തു കൊടുക്കുക എന്നുള്ളത് നമ്മുടെ ധർമ്മമാണ്. അതിനു വിപരീതമായാണ് നാം ഇന്നു കണ്ടുവരുന്നത്.രാഷ്ട്രീയപരമായ എത്രയെത്ര കൊലകൾ. നമുക്ക് ഈയിടെ ആയിട്ടുള്ള ഒരു സംഭവം തന്നെ പറയാം. ഒരു പാവം ഡോക്ടറുടെ കൊല. പെൺകുട്ടിയെ പീഡിപ്പിച്ചു കൊന്നിരിക്കുന്നു. എത്ര ലജ്ജാകരം. മനുഷ്യത്വം എന്ന വികാരം മനുഷ്യനിൽ ഇല്ലാതാകുന്നു. ആരെയും കൊല്ലാനും മടിക്കുന്നില്ല. പിഞ്ചുകുഞ്ഞുങ്ങളെ വരെ കൊന്നിരിക്കുന്നു. വീട്ടിലുള്ള വയസ്സായ ആളുകളെ മർദ്ദിച്ചും ഭക്ഷണം കൊടുക്കാതെയും ഉള്ള എത്രയെത്ര അവസ്ഥകൾ നാം കേട്ടിരിക്കുന്നു. മനുഷ്യത്വം എവിടെപ്പോയി ? മനുഷ്യത്വം എന്ന ഒരൊറ്റ വികാരം മനുഷ്യർക്ക് ഉണ്ടെങ്കിൽ നാം ഇന്നു കാണുന്ന പട്ടിണിപ്പാവങ്ങൾ ഉണ്ടാകില്ലായിരുന്നു. മനുഷ്യത്വം ഉണ്ടായിരുന്നെങ്ങിൽ എത്രയെത്ര ജീവനുകൾ രക്ഷിക്കാമായിരുന്നു.

മാനവികത എന്ന അക്ഷരത്തിന് എന്തൊരു വലിയ ശക്തിയാണുള്ളത്. മാനവികതയ്ക്ക് കോട്ടം വരുത്തുന്ന ഇനിയും എത്രയെത്ര കാര്യങ്ങൾ നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്നു. മൃഗങ്ങളെ കൊല്ലുന്നു. അവയ്ക്കും നമ്മെപ്പോലെ തന്നെ കുടുംബം ഉണ്ടെന്ന കാര്യം നാം മറന്നു മറന്നു പോകുന്നു. മനുഷ്യരുടെ സ്വാർത്ഥമായ ചിന്തകളാണ് പലപ്പോഴും ഇത്തരം ക്രൂരതകൾ ചെയ്യാൻ അവരെ പ്രേരിപ്പിക്കുന്നത്. സ്വാർത്ഥത എന്ന വികാരത്തിന് മനുഷ്യത്വമില്ലായ്മയിലേക്ക് നയിക്കുന്നതിന് വലിയ പങ്കുണ്ട്.

മൃഗങ്ങൾ മാത്രമുള്ള നാം വസിക്കുന്ന ഈ ഭൂമിയെ തന്നെ നാം ഉപദ്രവിക്കുന്നില്ലേ ? മരങ്ങൾ മുറിച്ച് മാറ്റുന്നു. മലകൾ നിരപ്പാക്കുന്നു. അങ്ങനെയെന്തെല്ലാം കാര്യങ്ങൾ ?

തന്റെ നിമിഷ നേരത്തെ സന്തോഷത്തിന് വേണ്ടി മനുഷ്യത്വമില്ലാത്തവനായി മാറുന്നു. ആ സന്തോഷത്തിന് വേണ്ടി സ്വന്തം അമ്മയെപ്പോലും വകവരുത്താൻ മടിക്കുന്നില്ല. മാനവികതയ്ക്ക് മനുഷ്യ ജീവിതത്തിൽ വലിയ സ്ഥാനമുണ്ട്. അതില്ലാത്തവൻ ഒരു പൂർണ്ണ മനുഷ്യാനാകുന്നില്ല. മാനവികത നമ്മുടെ സമൂഹത്തിൽ ആവശ്യമാണ്. അതുണ്ടെങ്കിലേ ഏതൊരു നല്ല കാര്യവും ചെയ്യാനുള്ള മനസ്സുണ്ടാകു. നാം എല്ലാവരും ഒന്നാണ്. മറ്റുള്ളവരുടെ വേദന എന്റെ വേദന കൂടിയാണെന്ന ചിന്ത ഉള്ളിൽ വരണം. മനുഷ്യത്വം എന്നത് ഒരു നല്ല മനുഷ്യന്റെ അടയാളമാണ്. അതിന്റെ അഭാവമാണ് മനുഷ്യനെ കൊടും ക്രൂരതയിലേക്ക് നയിക്കുന്നത്. നമ്മുടെ ഉള്ളിൽ ആ വികാരത്തെ വളർത്തിക്കൊണ്ട് വരണം. അതിന് നമുക്ക് ഇനി മുതൽ ശ്രമിക്കാം.

സുഹ സാദിഖ് എ പി
10 C

# ഒരു മഴയുടെ ഓർമ

ഒരു ദിവസം മഴ പെയ്തപ്പോൾ കൂട്ടുകാരോടൊപ്പം കളിച്ചു നടന്ന കാലം. ആ ദിവസത്തിന്റെ ഓർമ്മകൾ ചില ദിവസങ്ങളിൽ എന്റെ മനസ്സിലൂടെ മിന്നൽ പോലെ കടന്നു പോകാറുണ്ട്. ഈ ദിവസം ഇപ്പോഴും എനിക്ക് ഓർമ്മയുണ്ട്.



ആ ദിവസം ഒരിക്കലും എനിക്ക് മറക്കാൻ കഴിയില്ല. ആ ഒരൊറ്റ ദിവസമാണ് എന്റെ ജീവിതത്തിലെ ഏറ്റവും നല്ല ദിവസമായി എനിക്ക് തോന്നിയത്. മഴ പെയ്ത് മുറ്റത്തും പറമ്പിലും വെള്ളം നിറഞ്ഞു. വെള്ളത്തിൽ നീന്താൻ എനിക്ക് അതിയായ ആഗ്രഹമുണ്ടായി. ഞാൻ എന്റെ കൂട്ടുകാരോടൊപ്പം നീന്താൻ പോയി. ഞങ്ങൾ നീന്തിക്കളിച്ചുകൊണ്ടിരുന്നപ്പോൾ  വീണ്ടും മഴ പെയ്യാൻ തുടങ്ങി. അതിനാൽ വളരെ വിഷമത്തോടെ നീന്തൽ നിർത്തി ഞങ്ങൾ വീട്ടിലേക്ക് മടങ്ങി. വീട്ടിലെത്തി കുളി കഴിഞ്ഞ് എത്തിയപ്പോഴേക്കും അമ്മ നല്ല ചൂട് ചായ തന്നു. ഈ തണുപ്പുള്ള മഴയത്ത് ചൂട് ചായ കുടിക്കാൻ എന്ത് രസമാണ്. മഴ ഞങ്ങളുടെ ഒരു വികാരമാണ്. ഈ ചൂട് കാലത്ത് മഴ പെയ്താൽ എന്ത് സുഖമായിരിക്കും. അത് ഒന്ന് ചിന്തിച്ച് നോക്കൂ. ചായ കുടിച്ച് മഴ നോക്കി ഇരുന്നപ്പോൾ എനിക്ക് നല്ലൊരു ഉറക്കം വന്നു. കട്ടിലിൽ ഒന്ന് കിടന്നതേ എനിക്ക് ഓർമ്മയുള്ളൂ. അപ്പോൾ തന്നെ ഞാൻ ഉറങ്ങി. ഇന്നും മായാത്ത ഒരു ഓർമ്മയായി ആ ദിവസം എന്റെ മനസ്സിൽ തങ്ങി നിൽക്കുന്നു.

നിയ ശ്രീനിവാസൻ 10 C

# Social Media Addiction in Children

**Social media is a platform that can share our opinions, photos, videos etc. Social media have benefits and dangers. Social media have main role in the period of Corona Virus. In Zoom we attended the class. We can study through You Tube, Google etc. Another benefit is we can call a person in any distance. We can see through the social media. But we have many demerits also. Many Children are addicted to social media. The children are always engaged in online games. It is very dangerous. Some times our money also lost by these games. Many children are suisiding when their mother is not giving phone or money to play games. Many fake news are spreading and many fake accounts are there. Many children are chatting with unknown people. Peoples in the same family are not talking with each other. The family relations are breaking.**

**Now a days we are all addicted to phone. Without it we can't live. Social media have a major role in our life. We use mobile phone carefully. Use only for our studies and such other good activities. Children have no time to play football and other games because they are in social media all time. Mother do not have time to spent with her child, she want to play in social media.**

**We try to spend time with family members and friends. We should decrease the use of mobil**



RIYA RASHID
10 C




# The wolf and the lamb

One day a lamb was eating sweet grass away from her flock of sheep. She didn't notice a wolf walking nearer to her. When she saw the wolf she started pleading. "Please don't eat me. My stomach is full of grass. You can wait a while to make my meat taste much better. The grass in my stomach will be digested quickly if you let me dance". The wolf agreed. While the lamb was dancing she had a new idea. She said, "I can dance faster if you take my bell and ring so hard. The shepherd heard the sound and ran quickly to save the lamb's life.

FATHIMA NOUSHAD 8 A

# പിച്ചക്കാരൻ

സൂര്യകിരണങ്ങളുടെ ഇളം ചൂടേറ്റാണ് അയാൾ ദേഹം മൂടിയിരുന്ന കാവി തുണി പതിയെ ദേഹത്തു നിന്നും താഴോട്ട് നീക്കി അരയുടുപ്പായി ചുറ്റിയ ശേഷം രാത്രി കിടന്നുറങ്ങിയ പീടിക പടിയിൽ ഇരുന്നു. നഗരം തിരക്കേറാൻ തുടങ്ങിയതേയുള്ളൂ. പലരും പ്രഭാതസവാരി കഴിഞ്ഞ് വീട്ടിലേക്ക് തിരിച്ച് നടക്കുന്നു. മറ്റ് ചിലർ നഗരം വൃത്തിയാക്കുന്നു. വേറെ ചലരി മറ്റ് പ്രവർത്തികളിൽ ഏർപ്പെട്ടിരിക്കുന്നു. അദ്ദേഹം പതിയെ പീടിക തിണ്ണയിൽ നിന്നും എഴുന്നേറ്റ് അടുത്തുള്ള ചായ പീടികയിലേക്ക് നടന്നു. കീറിയ കുപ്പായക്കീശയിൽ ഇന്നലെ പിച്ചയെടുത്ത് കിട്ടിയ തുകയുടെ മിച്ചമുള്ള ചില്ലറ തുട്ടുകൾ എണ്ണിനോക്കി. ആകെ 15 രൂപ. 10 രൂപയ്ക്ക് ഒരു ചായയും ബാക്കി 5 രൂപയ്ക്ക് ഒരു സിഗരറ്റും വാങ്ങി. താൻ സ്ഥിരമായി ചെന്നിരിക്കാറുള്ള പീടികയുടെ അരികിലായി കയ്യിൽ പിച്ചപ്പാത്രവും വെച്ച് സിഗരറ്റും പുകച്ച് അവിടെയിരുന്നു. അപ്പോഴേക്കും നഗരം തിരക്ക് പിടിച്ച് തുടങ്ങിയിരുന്നു. അദ്ദേഹം തനിക്ക് മുന്നിലൂടെ ജീവിതത്തിലെ രണ്ടറ്റവും



കൂട്ടിമുട്ടിക്കാൻ പരക്കം പായുന്നവരെയും കാലത്തു തന്നെ എടുത്താൽ പൊന്താത്ത ബാഗുമായി ജീവിത ലക്ഷ്യത്തിനായി സ്കൂളിലേക്ക് പോകുന്ന കുട്ടികൾ. സൂര്യൻ യൗവ്വന ദിശയിലേക്ക് കടന്നിരുന്നതിനാൽ ശരീരം വിയർക്കുന്നുണ്ടായിരുന്നു. പക്ഷെ അദ്ദേഹം അതൊന്നും ശ്രദ്ധിച്ചില്ല. പകരം നഗരത്തിലെ തിരക്ക് പിടിച്ച തെരുവിലേക്കായിരുന്നു ശ്രദ്ധ. മുമ്പിലൂടെ പോകുന്നവർക്കും മുന്നിൽ കയ്യിലെ പാത്രം നീട്ടി സ്ഥിരം വാക്കുകൾ ഉച്ചരിക്കുന്ന മറ്റ് പിച്ചക്കാരെ പോലെ ഇയാൾ ഒന്നും ഉച്ചരിച്ചില്ല. പകരം ജനങ്ങളുടെ സംസാരവും വെപ്രാളങ്ങളും ശ്രദ്ധിക്കുകയായിരുന്നു. എന്ത് പറയാനാടാ ? ഇന്ന് കറന്റ് ഉണ്ടായിരുന്നില്ല. അതിനാൽ ഒരു പോള കണ്ണടയ്ക്കാൻ കഴിഞ്ഞില്ല.... ഒരു ബാഗും ഇൻസൈഡ് ഷർട്ടും കഴുത്തിൽ

ടൈയും കെട്ടിയ ഒരു ഉദ്യോഗസ്ഥൻ അയാൾക്ക് മുന്നിലൂടെ ഫോണിൽ ആരോടൊ സംസാരിച്ച് കടന്നു പോയി. അമ്മേ മനുഷ്യനിവിടെ പ്രാന്ത് പിടിച്ചിരിക്കുവാ. പലതും പറയുമ്പോൾ വാങ്ങിത്തരാൻ എനിക്കെവിടുന്നാ കാശ്.... ദേഷ്യത്തോടെ ഫോൺ കട്ട ചെയ്ത് യുവാവ് നടന്നു. തനിക്ക് മുന്നിലെ പാത്രത്തിലേക്ക് പത്ത് രൂപ ഇട്ട് ഒരു പെൺകുട്ടി അദ്ദേഹത്തിനരികിലായി ചെന്നിരുന്നു. അദ്ദേഹം ആ പെൺകുട്ടിയെ ഒന്ന് നോക്കി. ചേട്ടാ പേടിക്കണ്ട. ഞാൻ ഒരു കാര്യ ചോദിക്കട്ടെ ?

ഉം.

അയാൾ ഒന്ന് മൂളി.

ചേട്ടനെന്താ മറ്റുള്ളവരെപ്പോലെ ജനങ്ങളോട് ഒന്നും ചോദിക്കാത്തത്? ഊമയാണോ ?

അല്ല.

പിന്നെ.....

ആരോടാണ് ഞാൻ ചോദിക്കേണ്ടത്? എന്നെക്കാൾ ഏത് ഭാഗ്യവാന്മാരായവരോടോ ?....

അതെന്താ ചേട്ടനങ്ങനെ പറഞ്ഞത്?....

മോളെ ... ദിവസവും പലരും എനിക്ക് മുന്നലൂടെ പോകുന്നു. ചിലർ കയ്യിൽ സമ്പത്തില്ലാത്തതിന്റെ പേരിൽ വിലപിക്കുന്നവർ. വീടില്ലാത്തതിന്റെ പേരിൽ സങ്കടപ്പെടുന്നവർ. ജോലി കാരണം ടെൻഷനടിക്കുന്നവർ. പ്രേമിച്ചവൾ പരസ്പരം വഴക്കിട്ടതിന്റെ പേരിൽ ദേഷ്യത്തോടെ നടക്കുന്നവർ. അങ്ങനെ പലതരം സങ്കടമുള്ളവർ സന്തോഷമുണ്ടെന്ന് പുറമെ കാണിച്ച് മനസമാധാനം ഇല്ലാതെ ജീവിക്കുന്നവർ. അങ്ങനെ നോക്കുമ്പോൾ കയറിക്കിടക്കാൻ വീടോ, ജീവിക്കാൻ സമ്പത്തോ, ജോലിയുടെ ടെൻഷനോ, പ്രേമിക്കാനൊരാളോ ഇല്ലാത്ത മനസമാധാനത്തോടെ എവിടെയെങ്കിലും കിടന്നുറങ്ങി കിട്ടിയത് ഭക്ഷിക്കുന്ന ഞാനല്ലെ ഭാഗ്യവാൻ. അങ്ങനെ വരുമ്പോൾ ഈ ഭാഗ്യവാനെന്തിന് ഈ വിലാപ ഹൃദയങ്ങളോട് കൈ നീട്ടണം.... മൊളേ ദൈവത്തിൽ വിശ്വാസമുണ്ടെന്ന് പറഞ്ഞിട്ട് കാര്യമില്ല. അത് ജീവിതത്തിൽ കാണിക്കണം. അപ്പോൾ സമാധാനം ഉണ്ടാകും. അതും പറഞ്ഞ് ഒരു സിഗരറ്റ് കത്തിച്ച് പിച്ചക്കാരൻ പൊട്ടിച്ചിരിച്ചു. ഹ....ഹ....ഹാ.....

മുഹ്സിന മുസ്തഫ ടി കെ 8 C


# ദൃക്സാക്ഷി

നേരം പുലരുമ്പോൾ തൊട്ട നിൻമുഖത്തേക്കിടയ്ക്കിടെ നോക്കിയേറെ
പാടുപെട്ടു പണിചെയ്യുംനേരം
പെൻഡുലം മുഴക്കി പതിവുപോൽ
എൻെറ ഒരുക്കങ്ങളിൽ
അടുക്കള വാതിലിൻ
മറവിൽ നിന്നറിയുന്നുണ്ട് ഞാൻ
നിൻെറ കിതപ്പുകൾ
അന്നത്തെ പോലെയിന്നും .
സമയമേറെ കഴിഞ്ഞിന്നു
തേഞ്ഞിരിക്കുന്നു നീണ്ട സൂചികൾ
നടക്കുവാൻ വയ്യ
നടുവൊടിഞ്ഞപോൽ
കാലത്തിൻ ദൃക്സാക്ഷി
പഴയ ഘടികാരം.
ചുവരിലിനി വേണ്ട
ചില്ലിട്ട രൂപം വേണ്ട
ചുരുങ്ങുന്നു
സമയം മൊബൈലുണ്ടല്ലോ കയ്യിൽ.
മക്കൾക്ക് വേണ്ടാത്ത
കാലം
ഘടികാരം മൺ മറയുന്ന കാലം.

ജയശ്രീ അഴീക്കോട്
(എച്ച്.എസ്.ടി ഹിന്ദി)

# കൂട്ട്

കനത്ത ചട്ടയ്ക്കുള്ളിൽ നീ ഗാഢഗാഢം ചേർത്ത് പിടിച്ച താളുകളിലൊന്നിനെ പോലെ എന്നെയും നീ ആശ്ലേഷിച്ച ആ നിമിഷത്തിൽ ഞാൻ തിരിച്ചറിഞ്ഞു നിന്നിൽ നിന്നും എനിക്ക് ഇനിയൊരു തിരിച്ചു പോക്ക് ഇല്ലെന്ന് .നിന്നോളം എന്നെ അറിഞ്ഞവർ ആരുണ്ട്?എഴുതി എഴുതി തളരുമ്പോൾ ചായാൻ നിന്റെ ചുമലും ,വായിച്ചു വായിച്ചു ഉറങ്ങുമ്പോൾ ഒന്ന് മുറുകെ പിടിക്കാൻ നിന്റെ ഉടലും .




നീ കൈ പിടിച്ചു കൊണ്ട് പോയ സ്ഥലമെല്ലാം തന്നെ ആലീസിന്റെ അത്ഭുത ലോകമായി .കഥയിൽ ഞാൻ സിൻഡ്രെല്ല ആയി .കവിതയിലോ പുഴയായി പൂവായി മഞ്ഞായ് മഴയായ് .ആവശ്യമറിഞ്ഞു വരുന്ന അടുത്ത കൂട്ടായി ,വേദനകളിൽ പുരട്ടുന്ന പച്ചമരുന്നായി നിന്നെ വിശേഷിപ്പിക്കാൻ വാക്കുകൾ പോരാ .ഇനിയുമിനിയും നിന്നിൽ കുരുങ്ങി നില്ക്കാൻ , നിന്നിൽ തന്നെ വീണലിഞ്ഞില്ലാതാകാൻ നിന്റെയീ ഞാൻ

പ്രിജിമോൾ
(എച്ച്.എസ്.ടി ഇംഗ്ലീഷ്)



# നിഴൽ

എത്രയെത്ര  മാറി നടന്നാലും
നിഴൽച്ചിത്രങ്ങളായി പരസ്പരം
കൂടിച്ചേരുന്നു

യു വി

# Still I am Here

I am a girl with dreams big and endless
I look ahead, always moving forward
life has given me people I never asked for
Some stayed , became special, then left
I didn't want them to go, but they did
And I was left alone, with questions unanswered

I lost two people who were my everything
My grandma, my grandpa
One after the other, like a piece of me was taken away
The world kept moving, but I stood still

Holding on memories, to love, to what was left of them
I have friends, goods ones
But some just disappeared, like they were never there.
I have learned to accept that nothing lasts forever
Still , I give without expecting
I try to hold on, to make things last
But no one tries the same for me.

I have seen tough times
No one came to helps, so I helped myself

I listened when people needed to talk
But when I needed someone there was only silence
I have anger inside me
But I never mean to hurt

Life teaches through pain and joy
But home is a place where love still remains.
Every good and bad moment has shaped me.
I keep walking, even the road is empty
No matter what, I am still here.

Zuha Sadique A P
10 C

# വീട്ടുവൈദ്യം

## പനിക്കൂർക്ക

നമ്മുടെ നാട്ടിൽ മുമ്പ് സുലഭമായി വളരുന്നതും എന്നാൽ ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നതുമായ ചെടികളിൽപെട്ടതാണ് പനിക്കൂർക്ക അഥവാ കഞ്ഞിക്കൂർക്ക. ഇതിന്റെ പ്രാധാന്യം നാം ഓരോരുത്തരും അറിഞ്ഞിരിക്കേണ്ടതുണ്ട്. ഒരു ചെറിയ തണ്ട് വച്ചാൽ തന്നെ സമൃദ്ധമായി വളരും. വളരെ കുറഞ്ഞ കാലം മതി ഈ ചെടി വളരാൻ. അല്പം മണ്ണ് കിട്ടാൻ ബുദ്ധിമുട്ടാണെങ്കിൽ വെള്ളത്തിലും വളരുന്ന ചെടിയാണിത്. ഇതിനായി ഒഴിഞ്ഞ ഒരു കപ്പിയോ ബക്കറ്റോ മതി. ഇതിലേക്ക് വെള്ളമൊഴിക്കുക. പനിക്കൂർക്കയുടെ തണ്ട് ഇടുക. വറ്റുന്നതിന് അനുസരിച്ച് വെള്ളം ഒഴിച്ചു കൊടുത്താൽ മതി. കുറച്ച് ദിവസങ്ങൾക്കുള്ളിൽ വേരുകൾ പടർന്ന് പിടിക്കുന്നത് കാണാം. പക്ഷെ മണ്ണിൽ വളരുന്ന അത്ര വേഗത്തിൽ ഇലകൾ വളരില്ല. പുതിയ ഇലകൾ വളരാൻ കുറച്ച് കാലതാമസം എടുക്കും. ഏകദേശം ഒരു മാസത്തോളം വെള്ളം ഒഴിക്കാതെ തന്നെ വളരും.

ഇനി ഇതിന്റെ പ്രാധാന്യങ്ങൾ നോക്കാം. വീട്ടിലെ മുതിർന്നവർക്കും കുട്ടികൾക്കും ഒരുപോലെ ഫലപ്രദമാണ് ഈ പനിക്കൂർക്ക.

### മരുന്ന് തയാറാക്കുന്ന വിധം



- അഞ്ചോ ആറോ ഇലകൾ കഴുകി വൃത്തിയാക്കി തീയിൽ വാട്ടിയെടുക്കുക. ഇങ്ങനെ എടുത്ത ഇലകളിൽ നിന്നും നീര് പിഴിഞ്ഞെടുത്ത് തേനിൽ ചേർത്ത് കഴിക്കാം.
- പനി, ജലദോഷം എന്നിവയ്ക്ക് ഉത്തമമാണ് ഈ മരുന്ന്.
- പനിക്കൂർക്കയുടെ ഇലകൾ വെള്ളത്തിലിട്ട് ആവി പിടിക്കുന്നതും ഫലപ്രദമാണ്.
- മൂക്കടപ്പ്, ജലദോഷം എന്നിവയ്ക്ക് ആശ്വാസം ലഭിക്കും.
- ഈ ഇലകൾ കഴുകി വൃത്തിയാക്കി ചെറുതായി മുറിച്ച് വെള്ളത്തിൽ തിളപ്പിച്ച് കുടിക്കുന്നതും കഫ ശല്യത്തിന് ആശ്വാസം ലഭിക്കും.
- ഈ മരുന്ന് മൂന്നോ നാലോ ഇടവേളകളിൽ കൃത്യമായി സേവിച്ചാൽ മാത്രമേ പ്രയോജനം ലഭിക്കു.
- പനിക്കൂർക്കയുടെ ഇലകൾ ഔഷധം എന്നതിലുപരി ആഹാരപദാർത്ഥങ്ങൾക്ക് രുചി വർദ്ധിപ്പിക്കാനും ഉപയോഗിച്ച് വരുന്നു.
- ഇലകൾ വൃത്തിയാക്കി ഉണക്കി പൊടിച്ച് സൂക്ഷിക്കാം. പിസ്സ, മാക്രോണി,

പാസ്ത എന്നിവയിൽ ചേർത്താൽ നല്ല രുചിയും മണവും ലഭിക്കുന്നതാണ്.

## ഇഞ്ചി

"നീ എന്താടാ ഇഞ്ചി കടിച്ച കുരങ്ങനെപ്പോലെ "എന്ന് ചോദിക്കുന്നവർ പോലും ഇഞ്ചിയുടെ ഔഷധഗുണങ്ങൾ അറിഞ്ഞാൽ താനേ കഴിച്ചു പോകും. സുഗന്ധദ്രവ്യം എന്നതിനപ്പുറം ഇഞ്ചി നല്ല ഒരു രോഗഹാരിയും ഒറ്റമൂലിയും ആണ്. പല അസുഖങ്ങൾക്കും ഒന്നാംതരം പ്രതിവിധിയാണ് ഇഞ്ചി.



. ഇഞ്ചി നീരും തേനും ഒരു നുള്ള് മഞ്ഞളും ചേർത്ത് കഴിക്കുന്നത് ജലദോഷം, ചുമ, തൊണ്ടവേദന എന്നിവക്ക് നല്ല ആശ്വാസം നൽകും.

. അര ഔൺസ് ഇഞ്ചി നീരും, ഉള്ളി നീരും ചേർത്ത് കഴിച്ചാൽ മനം പുരട്ടലും ഛർദ്ദിയും മാറും.

. ഇഞ്ചി നീരും തേനും ചേർത്ത് മിശ്രിതം ആർത്തവ കാലത്തെ ബുദ്ധിമുട്ടുകൾക്കും വയറു വേദനക്കും ആശ്വാസം നൽകും.

. ഇഞ്ചി അൽപ്പം വെള്ളം ചേർത്ത് അരച്ച് നെറ്റിയിൽ പുരട്ടുന്നത് മൈഗ്രയിൻ പ്രശ്നങ്ങൾക്ക് പരിഹാരമാണ്.

. ഒരു കഷ്ണം ഇഞ്ചി ചതച്ച മോണയിൽ മസ്സാജ് ചെയ്യുന്നത് പല്ല് വേദനക്ക് ശമനം കിട്ടും.

. ഇഞ്ചി നീരിൽ തേനും ചെറുനാരങ്ങനീരും ചേർത്ത് കഴിക്കുന്നത് ദഹനക്കേടിനും ഉദരസംബന്ധമായ പ്രശ്നങ്ങൾക്കും പരിഹാരമാണ്.

## കറുവപ്പട്ട

കറുവപ്പട്ട രുചിക്ക് എന്നതിലുപരി ഒരു നല്ല ഔഷധം കൂടിയാണ്.

. പൊടിച്ച കറുവപ്പട്ട ദിവസേന അര സ്പൂൺ വീതം തേനിൽ ചാലിച്ച് കഴിക്കുന്നത് പ്രതിരോധ ശേഷി വർധിപ്പിക്കും. ജലദോഷം മാറി കിട്ടാനും ഇത് നല്ലതാണ്.

. കറുവപ്പട്ട പൊടിയും തേനും ചെറുനാരങ്ങ നീരും ഇളം ചൂട് വെള്ളത്തിൽ യോജിപ്പിച്ച് കുടിക്കുന്നത് ചുമ, തൊണ്ട വേദന എന്നീ അസുഖങ്ങൾക്ക് ആശ്വാസം ലഭിക്കും.

. പല്ല് വേദന, വായ് നാറ്റം എന്നിവക്ക് നല്ല പ്രതിവിധി കൂടിയാണ് കറുവപ്പട്ട. കറുവപ്പട്ട ചവക്കുന്നതും, കറുവപ്പട്ട ഇട്ട വെള്ളം വായ കഴുകിയും ഒരു നല്ല് മൗത്ത് ഫ്രഷ്നർ ആയി ഉപയോഗിക്കാം.



. കറുവപ്പട്ട പൊടി  വെള്ളത്തിൽ ചാലിച്ച് നെറ്റിയിൽ പുരട്ടുന്നത് തലവേദനക്ക് ആശ്വാസം ലഭിക്കും.

. കറുവപ്പട്ട പൊടിച്ച്  നാരങ്ങാനീര് ചേർത്ത മിശ്രിതം മുഖക്കുരുവിനും മുഖത്തെ കറുത്ത പാടുകൾക്കും ഉത്തമ പ്രതിവിധിയാണ്.

. പ്രാണികളുടെ കടിയേറ്റാൽ കറുവപ്പട്ട പൊടിച്ച് തേനിൽ ചേർത്ത് പുരട്ടുന്നത് ഉത്തമമാണ്.

നിശീദ റിയാസ്
എച്ച്. എസ്. റ്റി (ഗണിതം)